कॆनरा बैंक Canara Bank

# എൻ ആർ ഐ ന്യൂസ് ബുള്ളറ്റിൻ നവംബർ 2021

ലക്കം : 11-2021

**//ബഹുമാന്യരായ എൻആർഐ ഇടപാടുകാർക്ക് കനറാ ബാങ്കിന്റെ ആശംസകൾ//**

## പോർട്ട്ഫോളിയോ ഇൻവെസ്റ്റ്മെന്റ് സ്കീം (പിഐഎസ്)

പോർട്ട്ഫോളിയോ ഇൻവെസ്റ്റ്മെന്റ് സ്കീം അനുസരിച്ച് പ്രവാസി ഇന്ത്യക്കാർക്ക്, ഒരു ബാങ്ക് ശാഖയെ നാമനിർദ്ദേശം ചെയ്തുകൊണ്ട്, നിക്ഷേപിച്ച പണം വിദേശത്തേക്ക് തിരികെ കൊണ്ടുപോകാമെന്നുള്ളതോ, അല്ലെങ്കിൽ കൊണ്ടുപോകാനാകില്ലെന്നതോ ആയ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ, ഒരു അംഗീകൃത സ്റ്റോക്ക് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത ബ്രോക്കർ മുഖാന്തരം ചില നിബന്ധനകൾക്ക് വിധേയമായി, ഇന്ത്യൻ കമ്പനികളുടെ ഷെയറുകളിലോ കൺവെർട്ടിബിൾ ഡിബെഞ്ചറുകളിലോ നിക്ഷേപിക്കാവുന്നതോ അവ വിൽക്കാവുന്നതോ ആണ്.

**പദ്ധതിയുടെ വിശദാംശങ്ങൾ:**

- ഈ പദ്ധതി അനുസരിച്ച് നിക്ഷേപം നടത്താനായി പിഐഎസ് അക്കൌണ്ടിൽ ഇടപാടുകൾ നടത്താൻ മുക്ത്യാർ ധാരകനായ ഒരു റസിഡന്റ് വ്യക്തിയ്ക്ക് അനുമതിയുണ്ട്.
- നിക്ഷേപിച്ച പണം വിദേശത്തേക്ക് തിരികെ കൊണ്ടുപോകാനാകില്ലെന്ന വ്യവസ്ഥയിലാണ് ഷെയർ/ഡിബെഞ്ചർ വിൽക്കുന്നത്/വാങ്ങുന്നത് എങ്കിൽ, പ്രവാസി ഇന്ത്യക്കാർ അതിനായി മാത്രമുള്ള ഒരു പിഐഎസ് (എൻആർഒ) അക്കൌണ്ട് തുറക്കേണ്ടതാണ്.
- നിക്ഷേപിച്ച പണം വിദേശത്തേക്ക് തിരികെ കൊണ്ടുപോകാമെന്നുള്ള വ്യവസ്ഥയിലാണ് ഷെയർ/ഡിബെഞ്ചർ വിൽക്കുന്നത്/വാങ്ങുന്നത് എങ്കിൽ, പ്രവാസി ഇന്ത്യക്കാർ അതിനായി മാത്രമുള്ള ഒരു പിഐഎസ് (എൻആർഇ) അക്കൌണ്ട് തുറക്കേണ്ടതാണ്. ഈ പദ്ധതിയനുസരിച്ച് വാങ്ങിയ ഷെയറുകൾ/ഡിബെഞ്ചറുകൾ,കമ്പനി നിയമത്തിലെ വകുപ്പ് 6ൽ നിർവചിക്കപ്പെട്ട ബന്ധുക്കൾക്ക് പാരിതോഷികമായി ട്രാൻസ്ഫർ ചെയ്യാവുന്നതാണ്. അടുത്ത ബന്ധുക്കൾക്കാണ് ട്രാൻസ്ഫർ ചെയ്യുന്നതെങ്കിൽ ഫോറം എഫ്സി-ടിആർഎസ്ൽ റിസർവ് ബാങ്കിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.
- പോർട്ട്ഫോളിയോ ഇൻവെസ്റ്റ്മെന്റ് സ്കീം അനുസരിച്ച് പ്രവാസി ഇന്ത്യക്കാർ വാങ്ങിയ/വിറ്റ ഷെയറുകളുടെ/ഡിബെഞ്ചറുകളുടെ വിവരങ്ങൾ ഉടൻ തന്നെ ഫോറം എൽഇസിയിൽ, തങ്ങളുടെ പിഐഎസ് അക്കൌണ്ട് ഇരിക്കുന്ന, നാമനിർദ്ദേശം ചെയ്യപ്പെട്ട ശാഖയെ അറിയിക്കേണ്ടതാണ്.
- പിഐഎസ് ആവശ്യത്തിലേക്കായി പ്രവാസി ഇന്ത്യക്കാർ നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരു ശാഖയുമായി മാത്രമേ ഇടപാടുകൾ നടത്താവൂ.

## പ്രവാസി ഇന്ത്യക്കാർക്ക് ഓൺലൈൻ ട്രേഡിംഗ് സൌകര്യം

രജിസ്റ്റർ ചെയ്ത ബ്രോക്കർ മുഖാന്തരം പ്രവാസി ഇന്ത്യക്കാർക്ക് ഇന്ത്യൻ സ്റ്റോക്ക് മാർക്കറ്റിൽ നിക്ഷേപിക്കാവുന്നതും ട്രേഡ് ചെയാവുന്നതുമാണ്. ഓൺലൈൻ ട്രേഡിംഗ് അനുവദിക്കാത്ത നിയമങ്ങളുള്ള രാജ്യങ്ങളിലെ പ്രവാസി ഇന്ത്യക്കാർക്ക് ഞങ്ങളുടെ അനുബന്ധ സ്ഥാപനമായ കനറാ ബാങ്ക് സെക്യൂരിറ്റീസ് ലിമിറ്റഡ് (സിബിഎസ്എൽ) നൽകുന്ന സൌകര്യം ഉപയോഗപ്പെടുത്താവുന്നതാണ്. ഈ സൌകര്യം യുഎസ്എ യിലെ പ്രവാസി ഇന്ത്യക്കാർക്ക് ലഭ്യമല്ല.

സിബിഎസ്എൽ നൽകുന്ന 3 ഇൻ 1 അക്കൌണ്ടിന്റെ (പിഐഎസ് അക്കൌണ്ടിനു പുറമേ ഡിമാറ്റ്, ട്രേഡിംഗ് അക്കൌണ്ട് എന്നിവ അടങ്ങുന്നത്) വിവരങ്ങൾക്കായി കനറാ ബാങ്കിന്റെ ഏതെങ്കിലും ശാഖയുമായി ബന്ധപ്പെടുക.

## കടപ്പത്രങ്ങളിൽ വിദേശ പോർട്ട്ഫോളിയോ നിക്ഷേപകരുടെ (പിഎഫ്ഐ) നിക്ഷേപം:

പിഎഫ്ഐകൾ, കുറഞ്ഞത് 3 വർഷത്തെ ശേഷിക്കുന്ന കാലാവധിയുള്ള സർക്കാർ ബോണ്ടുകളിൽ നിക്ഷേപിക്കേണ്ടതാണ്. ഇനി മുതൽ, ഒരു കാറ്റഗറിയിൽ ഒരു പിഎഫ്ഐയുടെ അല്പവധി നിക്ഷേപം ആ

കാറ്റഗറിയിൽ ആ പിഎഫ്ഐയുടെ മൊത്തം നിക്ഷേപത്തിന്റെ 30%ൽ കൂടാൻ പാടില്ല എന്ന നിബന്ധനക്ക് വിധേയമായി, ശേഷിക്കുന്ന കാലാവധി സംബന്ധിച്ച നിബന്ധനയില്ലാതെ ട്രഷറി ബില്ലുകൾ, സ്റ്റേറ്റ് ഡവലപ്മെന്റ് വായ്പകൾ എന്നിവയടക്കം പിഎഫ്ഐകൾക്ക് കേന്ദ്ര സർക്കാരിന്റെ സെക്യൂരിറ്റികളിൽ നിക്ഷേപിക്കാവുന്നതാണ്.

**എൻആർഇ ഡിപ്പോസിറ്റ് പ്ലസ് :**

കാലാവധി കഴിഞ്ഞുള്ള എഫ്സിഎൻആർ (ബി) നിക്ഷേപത്തുകയുടെ മൂല്യം നിലനിർത്തുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. എഫ്സിഎൻആർ (ബി) തുറക്കുകയും കാലാവധി കഴിഞ്ഞുള്ള നിക്ഷേപത്തുക രൂപയിലേക്ക് മാറ്റാനായി അതിന്മേൽ ഒരു ഫോർവഡ് കോൺട്രാക്ട് ബുക്ക് ചെയ്യുകയുമാണ് ചെയ്യുന്നത്.

**സവിശേഷതകൾ:**

- എഫ്സിഎൻആർ (ബി) നിക്ഷേപത്തിന് ഉയർന്ന പ്രതിഫലം നേടാൻ ആഗ്രഹിക്കുന്ന പ്രവാസി ഭാരതീയർ
- കാലാവധി കഴിഞ്ഞുള്ള നിക്ഷേപത്തുകയെ, വിനിമയ നിരക്കുകളിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകളിൽ നിന്ന് രക്ഷിച്ചു നിർത്താനാകും.

എൻആർഇ ഡിപ്പോസിറ്റായി നിക്ഷേപിക്കാൻ വിദേശ കറൻസിയിൽ പുതിയ റെമിറ്റൻസ് അയച്ചോ നിക്ഷേപകന്റെ നിലവിലുള്ള എൻആർഇ സേവിംഗ്സ് ബാങ്ക് അക്കൌണ്ടിൽ രൂപയിലുള്ള ബാലൻസ് തുക യു എസ് ഡോളറിലേക്ക് മാറ്റിയോ ഏറ്റവും കൂടിയത് 5 വർഷത്തെ കാലാവധിയ്ക്ക് നിക്ഷേപിക്കാവുന്നതാണ്. ഈ ഉല്പന്നത്തിൽ ഉൾക്കൊള്ളുന്ന എല്ലാ എഫ്സിഎൻആർ അക്കൌണ്ടുകളും ഫോർവഡ് കോൺട്രാക്ടിൽ ഉൾപ്പെടുന്നതാണ്.

<table>
<tr><td>അർഹത</td><td colspan="2">യുഎസ് ഡോളറിൽ സാവധി നിക്ഷേപങ്ങൾ (കാലാവധി കഴിയുമ്പോൾ സഞ്ചിത പലിശത്തുകയുള്ളവ) വയ്ക്കാൻ തയാറുള്ള എൻആർഐ ഇടപാടുകാർ<br>നിക്ഷേപകൻ, കാലാവധി കഴിഞ്ഞുള്ള തുക രൂപയിൽ മാത്രം സ്വീകരിക്കാനുള്ള സമ്മതപത്രം നൽകേണ്ടതാണ്.<br>കാലാവധി കഴിയുന്നതിനു മുമ്പ് ക്ലോസ് ചെയ്യാൻ നിക്ഷേപകൻ ഫോർവഡ് കോൺട്രാക്ട് ക്യാൻസൽ ചെയ്യേണ്ടതും വിനിമയ നഷ്ടമുണ്ടെങ്കിൽ അത് സഹിക്കേണ്ടതുമാണ്.</td></tr>
<tr><td>പലിശ നിരക്ക്</td><td>എഫ്സിഎൻആർ (ബി) നിക്ഷേപത്തിന് ബാധകമായ നിരക്ക്<br>കാലാവധി കഴിയുമ്പോൾ, തുക നേരത്തെ ബുക്ക് ചെയ്ത ഫോർവഡ് കോൺട്രാക്ട് സഹിതം ഇന്ത്യൻ രൂപയിൽ മാറ്റുന്നതാണ്.</td></tr>
<tr><td rowspan="2">നിക്ഷേപ കാലാവധി</td><td>ഏറ്റവും കുറഞ്ഞത് 1 വർഷം</td></tr>
<tr><td>ഏറ്റവും കൂടിയത് 5 വർഷം</td></tr>
</table>

**07.11.2021 മുതൽ 1 മില്യൺ യു എസ് ഡോളറിനു താഴെയുള്ള തുകയുടെ (അല്ലെങ്കിൽ മറ്റ് കറൻസികളിൽ തത്തുല്യമായ തുക) എഫ് സി എൻ ആർ [ബി] നിക്ഷേപങ്ങളിന്മേൽ പലിശനിരക്ക് താഴെപ്പറയുന്നു:**

**(% പ്രതിവർഷം)**

| നിക്ഷേപ കാലാവധി | നിക്ഷേപത്തിന്റെ കറൻസി | | | | |
|---|---|---|---|---|---|
| | യുഎസ്ഡി | ജിബിപി | യൂറോ | സിഎഡി | എയുഡി |
| 1 വർഷവും അതിനു മുകളിലും എന്നാൽ 2 വർഷത്തിൽ താഴെ | 0.77 | 1.05 | പൂജ്യം | 0.70 | 0.68 |
| 2 വർഷവും അതിനു മുകളിലും എന്നാൽ 3 വർഷത്തിൽ താഴെ | 1.14 | 1.41 | പൂജ്യം | 1.74 | 1.30 |
| 3 വർഷവും അതിനു മുകളിലും എന്നാൽ 4 വർഷത്തിൽ താഴെ | 1.42 | 1.49 | 0.10 | 1.98 | 1.63 |
| 4 വർഷവും അതിനു മുകളിലും എന്നാൽ 5 വർഷത്തിൽ താഴെ | 1.59 | 1.49 | 0.18 | 2.08 | 1.88 |
| 5 വർഷം മാത്രം | 1.71 | 1.46 | 0.24 | 2.14 | 2.01 |

**07.11.2021 മുതൽ 1 മില്യൺ യു എസ് ഡോളറിനു താഴെയുള്ള തുകയുടെ (അല്ലെങ്കിൽ മറ്റ് കറൻസികളിൽ തത്തുല്യമായ തുക) ആർ എഫ് സി സാവധി നിക്ഷേപങ്ങളിന്മേലും ആർ എഫ് സി സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങളിന്മേലുമുള്ള പലിശ നിരക്ക് താഴെപ്പറയുന്നു: (പലിശ നിരക്ക് % പ്രതിവർഷം)**

| നിക്ഷേപ കാലാവധി | നിക്ഷേപത്തിന്റെ കറൻസി | | | | |
|---|---|---|---|---|---|
| | യുഎസ്ഡി | ജിബിപി | യൂറോ | സിഎഡി | എയുഡി |
| സേവിംഗ്സ് ബാങ്ക് | പൂജ്യം | പൂജ്യം | പൂജ്യം | പൂജ്യം | പൂജ്യം |
| 1 മാസവും അതിനു മുകളിലും എന്നാൽ 3 മാസത്തിൽ താഴെ | പൂജ്യം | പൂജ്യം | പൂജ്യം | പൂജ്യം | പൂജ്യം |
| 3 മാസവും അതിനു മുകളിലും എന്നാൽ 6 മാസത്തിൽ താഴെ | 0.09 | പൂജ്യം | പൂജ്യം | 0.02 | പൂജ്യം |
| 6 മാസവും അതിനു മുകളിലും എന്നാൽ 1 വർഷത്തിൽ താഴെ | പൂജ്യം | പൂജ്യം | 0.03 | പൂജ്യം | പൂജ്യം |

| | | | | | |
|---|---|---|---|---|---|
| 1 വർഷവും അതിനു മുകളിലും എന്നാൽ 2 വർഷത്തിൽ താഴെ | 0.77 | 1.05 | പൂജ്യം | 0.70 | 0.68 |
| 2 വർഷവും അതിനു മുകളിലും എന്നാൽ 3 വർഷത്തിൽ താഴെ | 1.14 | 1.41 | പൂജ്യം | 1.74 | 1.30 |
| 3 വർഷം മാത്രം | 1.42 | 1.49 | 0.10 | 1.98 | 1.63 |

**എൻആർഇ സാവധി നിക്ഷേപങ്ങളുടെ പലിശ നിരക്കുകൾ : (09.08.2021 മുതൽ)**

**(% പ്രതിവർഷം)**

| സ്ലാബ് | നിക്ഷേപ കാലാവധി | പലിശനിരക്ക്* | |
|---|---|---|---|
| | | *2 കോടി രൂപയിൽ താഴെ* | *2 കോടി മുതൽ 10 കോടി രൂപയിൽ താഴെ വരെ* |
| സ്ലാബ്-1 | 1 വർഷം മാത്രം | 5.10 | 3.65 |
| സ്ലാബ്-2 | 1 വർഷത്തിനു മുകളിൽ 2 വർഷത്തിൽ താഴെ | 5.10 | 3.65 |
| സ്ലാബ്-3 | 2 വർഷത്തിനു മുകളിൽ 3 വർഷത്തിൽ താഴെ | 5.10 | 3.65 |
| സ്ലാബ്-4 | 3 വർഷത്തിനു മുകളിൽ 5 വർഷത്തിൽ താഴെ | 5.25 | 3.40 |
| സ്ലാബ്-5 | 5 വർഷവും മുകളിലും10 വർഷത്തിൽ താഴെ | 5.25 | 3.40 |

**ഗാർഹിക/എൻആർഒ സാവധി നിക്ഷേപങ്ങളുടെ പുതുക്കിയ പലിശ നിരക്കുകൾ 09.08.2021 മുതൽ:**

**(% പ്രതിവർഷം)**

| സ്ലാബ് | നിക്ഷേപ കാലാവധി | പലിശനിരക്ക് | | | |
|---|---|---|---|---|---|
| | | *2 കോടി രൂപയിൽ താഴെ* | | *2 കോടി മുതൽ 10 കോടി രൂപയിൽ താഴെ വരെ* | |
| | | **പൊതു ജനങ്ങൾ** | **മുതിർന്ന പൌരന്മാർ** | **കോളബിൾ** | **നോൺ കോളബിൾ++** |
| സ്ലാബ്-1 | 7 ദിവസം മുതൽ 45 ദിവസം വരെ | 2.90 | 2.90 | 2.90 | ബാധകമല്ല |
| സ്ലാബ്-2 | 46 ദിവസം മുതൽ 90 ദിവസം വരെ | 3.90 | 3.90 | 3.10 | 3.0 |
| സ്ലാബ്-3 | 91 ദിവസം മുതൽ 179 ദിവസം വരെ | 3.95 | 3.95 | 3.25 | 3.25 |
| സ്ലാബ്-4 | 180 ദിവസം മുതൽ 1 വർഷത്തിൽ താഴെ | 4.40 | 4.90 | 3.25 | 3.25 |
| സ്ലാബ്-5 | 1 വർഷം മാത്രം | 5.10 | 5.60 | 3.65 | 3.65 |
| സ്ലാബ്-6 | 1 വർഷത്തിനു മുകളിൽ 2 വർഷത്തിൽ താഴെ | 5.10 | 5.60 | 3.65 | 3.65 |
| സ്ലാബ്-7 | 2 വർഷവും അതിനു മുകളിലും 3 വർഷത്തിൽ താഴെ | 5.10 | 5.60 | 3.65 | 3.65 |
| സ്ലാബ്-8 | 3 വർഷവും അതിനു മുകളിലും 5 വർഷത്തിൽ താഴെ | 5.25 | 5.75 | 3.40 | 3.40 |
| യുണീക്ക് | "കനറാ യുണീക്ക് " 1111 ദിവസം | 5.35 | 5.85 | ബാധകമല്ല | ബാധകമല്ല |
| സ്ലാബ്-9 | 5 വർഷവും അതിനു മുകളിലും 10 വർഷത്തിൽ താഴെ | 5.25 | 5.75 | 3.40 | ക്വോട്ട് ഇല്ല |

## <u>സുപ്രധാനമായ കാര്യങ്ങൾ</u> :

- നിക്ഷേപം നിലവിലിരിക്കേ തന്നെ ശേഷിക്കുന്ന കാലാവധിയിൽ കൂടുതലായ അവധിയിലേക്ക് എൻആർഇ സാവധി നിക്ഷേപങ്ങളുടെ കാലാവധി നീട്ടാവുന്നതാണ്.
- പ്രവാസി എന്ന പദവി ഇടയ്ക്കിടെ സ്ഥിരീകരിക്കേണ്ടതിനാൽ എൻആർഇ സാവധി നിക്ഷേപങ്ങൾ ഒരു തവണ മാത്രമേ സ്വയം പുതുക്കാനാവുകയുള്ളൂ.
- കാലാവധി പൂർത്തിയാക്കിയ നിക്ഷേപങ്ങളിന്മേൽ, കാലാവധി കഴിയുന്ന തീയതി മുതൽ പെയ്മെന്റ് നൽകുന്ന/പുനർ നിക്ഷേപിക്കുന്ന തീയതി വരെ സേവിംഗ്സ് ബാങ്ക് നിരക്കിൽ പലിശ നൽകുന്നതാണ്.
- 12.03.2019നോ അതിനു ശേഷമോ തുറന്ന/പുതുക്കിയ 2 കോടി രൂപയോ അതിൽ കൂടുതലോ ഉള്ള എൻആർഇ സാവധി നിക്ഷേപങ്ങൾ കാലാവധി കഴിയും മുമ്പ് ക്ലോസ് ചെയ്യുകയോ/ഭാഗികമായി പിൻവലിക്കുകയോ/കാലാവധി കഴിയും മുമ്പ് നീട്ടുകയോ ചെയ്യുമ്പോൾ പിഴ ചുമത്തപ്പെടുന്നതല്ല.
- കാലാവധി കഴിയും മുമ്പ് ക്ലോസ് ചെയ്യുകയും ഒരു വർഷം എന്ന ഏറ്റവും കുറഞ്ഞ കാലാവധി പൂർത്തിയാക്കുകയും ചെയ്യുകയാണെങ്കിൽ 19.11.2021നോ അതിനു ശേഷമോ തുറന്നതോ/പുതുക്കിയതോ ആയ എഫ്സിഎൻആർ (ബി) നിക്ഷേപങ്ങൾക്ക് ബാധകമായ പലിശ നിരക്കിൽ പിഴ ഈടാക്കുന്നതല്ല.

**താങ്കളുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റാനുള്ള ഒരൊറ്റ സമ്പർക്ക ബിന്ദുവായി ഞങ്ങൾ സേവനങ്ങളുടെ ഒരു നിര തന്നെ ലഭ്യമാക്കിയിരിക്കുന്നു. ധനം നിക്ഷേപിക്കാനുള്ള വിവിധ സൗകര്യങ്ങൾ/ഇൻഷൂറൻസ്/മ്യൂച്വൽ ഫണ്ട് പദ്ധതികൾ എന്നിവയ്ക്കായി താഴെപ്പറയുന്ന ലിങ്കുകൾ ഉപയോഗിക്കാവുന്നതാണ്.**

ലൈഫ്ഇൻഷൂറൻസ്http://www.canarabank.com/english/bank-services/personal-banking/insurance-business/life-insurance/

ഹെൽത്ത് ഇൻഷൂറൻസ് : https://canarabank.com/User_page.aspx?menulevel=1&menuid=3&CatID=45

ജനറൽ ഇൻഷൂറൻസ് : https://canarabank.com/User_page.aspx?menulevel=1&menuid=3&CatID=44

മ്യൂച്വൽ ഫണ്ട്:: https://canarabank.com/User_page.aspx?menulevel=1&menuid=2&CatID=4

ഡിപ്പോസിറ്ററി സേവനങ്ങൾ :https://canarabank.com/User_page.aspx?menulevel=1&menuid=2&CatID=20

റെമിറ്റൻസ് സൗകര്യങ്ങൾ :https://canarabank.com/User_page.aspx?menulevel=1&menuid=2&CatID=22

നിക്ഷേപ പദ്ധതികൾ :https://canarabank.com/User_page.aspx?menulevel=1&menuid=2&CatID=23

canarabank | CanaraBankOfficial | canarabank | canarabankinsta